# സത്പഥം



കേരള പ്രിസൺസ് & കറക്ഷണൽ സർവീസസ്

www.keralaprisons.gov.in

**ജയിൽ അന്തേവാസികൾക്കുള്ള കൈപ്പുസ്തകം**
Malayalam Language
**HAND BOOK FOR PRISONERS**

by
Kerala Prisons & Correctional Services

**Rights Reserved**

First Edition - March 2020 (10000 copies)

**Publishers & Distributors**
Kerala Prisons & Correctional Services
Poojappura, Thiruvananthapuram - 695012
Kerala State, India

**No part of this publication may be reproduced, or transmitted in any form or by any means, without prior written permission of the publisher**

Printed in India
at Government Central Press,
Thiruvananthapuram - 695 001, Kerala, India

## കേരള സർക്കാർ

### കേരള പ്രിസൺസ് & കറക്ഷണൽ സർവീസസ്

# ജയിൽ അന്തേവാസികൾക്കുള്ള കൈപ്പുസ്തകം

2010 ലെ കേരളാ പ്രിസണുകളും സംശുദ്ധീകരണ സാന്മാർഗീകരണ സേവനങ്ങളും (നിർവ്വഹണം) ആക്റ്റ് 36 (എച്ച്), അദ്ധ്യായം 9,
2014 ലെ കേരളാ പ്രിസണുകളും സംശുദ്ധീകരണ സാന്മാർഗീകരണ സേവനങ്ങളും (നിർവ്വഹണം) ചട്ടം 254 (5) അനുസരിച്ച്

പ്രസിദ്ധീകരിക്കുന്നത്
ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവീസസ്



**കടപ്പാട്**

ശ്രീ. ഋഷി രാജ് സിംഗ് ഐ.പി.എസ്., ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവീസസ്
ശ്രീ. എസ്.സന്തോഷ്, ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവീസസ് (ജയിൽ ആസ്ഥാനകാര്യാലയം)
ശ്രീ. വി.പി.സുനിൽകുമാർ, ചീഫ് വെൽഫെയർ ഓഫീസർ, ജയിൽ ആസ്ഥാനകാര്യാലയം, തിരുവനന്തപുരം
ശ്രീ. ബി.സുനിൽ കുമാർ, സൂപ്രണ്ട്, സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോം, തിരുവനന്തപുരം
ശ്രീ. കെ.ഇ.ഷാനവാസ്, ദക്ഷിണമേഖലാ റീജിയണൽ വെൽഫെയർ ഓഫീസർ (റിട്ട.)
ശ്രീമതി ശ്യാമള കുമാരി, വെൽഫെയർ ഓഫീസർ, ജില്ലാ ജയിൽ, കോട്ടയം

**എഡിറ്റിംഗ്, ഡിസൈൻ & ലെഔട്ട്**

ശ്രീ. രാജീവ്.റ്റി.ആർ, ജോയിന്റ് സൂപ്രണ്ട്, ടെക്നിക്കൽ സെൽ, ജയിൽ ആസ്ഥാനകാര്യാലയം
ശ്രീ. സുമന്ത്.വി.എസ്., വെൽഫെയർ ഓഫീസർ ഗ്രേഡ് I, ടെക്നിക്കൽ സെൽ, ജയിൽ ആസ്ഥാനകാര്യാലയം

# ഉള്ളടക്കം


- ജയിൽ എന്നാൽ.........
- പ്രവേശനം
- നിരീക്ഷണവും സൗകര്യങ്ങളും
- പൊതുവായ ദൈനംദിനചര്യകൾ
- വ്യക്തി ശുചിത്വം -പരിസര ശുചിത്വം - ആരോഗ്യ സംരക്ഷണം
- വിശ്വാസവും ആചാരങ്ങളും
- വിദ്യാഭ്യാസം-തൊഴിൽപരിശീലനം
- തൊഴിൽ - വേതനം
- വിനോദം- കൂടിക്കാഴ്ച
- പരാതികൾ-അപേക്ഷ
- ഭക്ഷണം
- അവധി-ജയിൽമാറ്റം-മോചനം
- നിയമസഹായം
- വിദേശികൾ
- ജയിൽകുറ്റങ്ങളും ശിക്ഷയും
- തടവുകാരുടെ അവകാശങ്ങൾ
- തടവുകാരുടെ ചുമതലകൾ






**പിണറായി വിജയൻ**
**മുഖ്യമന്ത്രി**

**കേരള സർക്കാർ**

**സെക്രട്ടേറിയറ്റ്**
**തിരുവനന്തപുരം-695 001**


നം.178/പ്രസ്/സി.എം.ഒ/2020. ഫെബ്രുവരി 04, 2020.

## സന്ദേശം

സംസ്ഥാന ജയിൽ നിയമങ്ങൾ, ജയിലിലെ അന്തേവാസികളുടെ അവകാശങ്ങളും കർത്തവ്യങ്ങളും തുടങ്ങിയ വിവരങ്ങൾ എന്നിവ ഉൾപ്പെടുത്തി ജയിൽ ആസ്ഥാന കാര്യാലയം ഒരു കൈപുസ്തകം പ്രസിദ്ധീകരിക്കുന്നു എന്നറിഞ്ഞതിൽ സന്തോഷം.

ജയിൽ അന്തേവാസികളും ഉദ്യോഗസ്ഥരും തമ്മിലുള്ള ആശയവിനിമയം സുഗമമാക്കുവാനും പരാതിരഹിത ജയിൽ സംസ്കാരം വളർത്തിയെടുക്കാനും ഈ കൈപുസ്തകം സഹായകരമാകുമെന്ന് കരുതുന്നു.

എല്ലാ ഭാവുകങ്ങളും നേരുന്നു.

**പിണറായി വിജയൻ**


ടെലിഫോൺ : (0471) 2333812 & 2333682 ഫാക്സ് : (0471) 2333489
ഇ-മെയിൽ : chiefminister@kerala.gov.in വെബ്സൈറ്റ് : www.keralacm.gov.in





ഋഷി രാജ് സിംഗ് ഐ.പി.എസ്.
ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവീസസ്

ജയിൽ ആസ്ഥാന കാര്യാലയം
പൂജപ്പുര, തിരുവനന്തപുരം
ഫോൺ: 0471 2342744
ഇ-മെയിൽ: dg.prisons@kerala.gov.in

## സന്ദേശം

കുറ്റവാളി സാമൂഹ്യമായ രോഗാവസ്ഥയിലുള്ള ആളും ജയിലുകൾ അയാൾക്ക് ശിക്ഷാനിയമം അനുശാസിച്ചിട്ടുള്ള ചികിത്സ നൽകുന്ന ആതുര ശുശ്രൂഷ കേന്ദ്രങ്ങളും അവിടത്തെ ഉദ്യോഗസ്ഥർ ആതുര ശുശ്രൂഷകരുമാണെന്ന വിശ്വോത്തര നിർവചനം സംശുദ്ധീകരണ സാന്മാർഗീകരണ പ്രവർത്തനങ്ങൾക്ക് കൽപ്പിച്ചു നൽകിയത് നമ്മുടെ രാഷ്ട്രപിതാവായ മഹാത്മജിയാണ്. ഇതിലും മഹത്തരമായി ഇക്കാര്യത്തിൽ ഒരു കാഴ്ചപ്പാടവതരിപ്പിക്കാൻ മറ്റാർക്കും സാധിച്ചിട്ടില്ല. ഈ പ്രവർത്തനങ്ങൾ പ്രയോജനപ്രദമായി സംഘടിപ്പിക്കുന്നതിനായി 2010 ലെ കേരളാ പ്രിസണുകളും സംശുദ്ധീകരണ സാന്മാർഗീകരണ സേവനങ്ങളും (നിർവ്വഹണം) ആക്ടും 2014 ലെ കേരളാ പ്രിസണുകളും സംശുദ്ധീകരണ സാന്മാർഗീകരണ സേവനങ്ങളും (നിർവ്വഹണം) ചട്ടങ്ങളും കേരള സർക്കാർ തയ്യാറാക്കുകയും പ്രാവർത്തികമാക്കുകയും ചെയ്തു.

മർദ്ദനോപകരണമെന്ന നിലയിൽ നിന്നും മാനസികപരിവർത്തന കേന്ദ്രങ്ങൾ എന്ന അവസ്ഥയിലേക്കും മനുഷ്യനെ മാറ്റി തീർക്കുന്ന പ്രക്രിയയിലേക്കും ജയിൽ സ്ഥാപനങ്ങൾ പരിവർത്തിക്കപ്പെടുന്നതിന്റെ ഫലശ്രുതിയിൽ പ്രധാനപ്പെട്ടതാണ് അന്തേവാസികൾക്ക് അവരുടെ ഉത്തരവാദിത്തങ്ങളും ഒപ്പം അവകാശങ്ങളും സംബന്ധിച്ച വിവരങ്ങൾ ഒരു പുസ്തക രൂപത്തിൽ നൽകുന്നത്.

ഋഷി രാജ് സിംഗ് ഐ.പി.എസ്.







# ജയിൽ എന്നാൽ......

സംസ്ഥാന ജയിൽ വകുപ്പിന്റ ഭരണം 2010 ലെ കേരളാ പ്രിസണുകളും സംശുദ്ധീകരണ സാന്മാർഗീകരണ സേവനങ്ങളും (നിർവ്വഹണം) ആക്ട്, 2014 ലെ കേരളാ പ്രിസണുകളും സംശുദ്ധീകരണ സാന്മാർഗീകരണ സേവനങ്ങളും (നിർവ്വഹണം) ചട്ടം, 1961 ലെയും 1963 ലെയും കേരള ബോസ്റ്റൽ സ്കൂൾ നിയമങ്ങളും ചട്ടങ്ങളും അനുസരിച്ചാണ് നിർവ്വഹിക്കുന്നത്. സംസ്ഥാന ജയിൽ വകുപ്പിന്റെ ആസ്ഥാന കാര്യാലയം തിരുവനന്തപുരം പൂജപ്പുരയിലാണ്. ഭരണ നിർവ്വഹണത്തിനായി ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് ആന്റ് കറക്ഷണൽ സർവ്വീസസിന്റെ ഓഫീസ് പൂജപ്പുരയിലും 3 മേഖല ഡി.ഐ.ജി.മാരുടെ ഓഫീസുകൾ തിരുവനന്തപുരം, തൃശ്ശൂർ, കോഴിക്കോട് എന്നിവിടങ്ങളിലും പ്രവർത്തിക്കുന്നു. ദക്ഷിണ മേഖലയിലെ തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ എന്നീ ജില്ലകളിൽ ഓരോ ജില്ലാ ജയിലുകളും, 1 തുറന്ന ജയിലും, 1 വനിത തുറന്ന ജയിലും, 1 സെൻട്രൽ ജയിലും, 1 വനിത ജയിലും 4 സ്പെഷ്യൽ സബ് ജയിലുകളും, 1 സബ് ജയിലും അടക്കം 13 ജയിൽ സ്ഥാപനങ്ങളുണ്ട്.

വിജയം ആസ്വാദ്യകരമാകണമെങ്കിൽ പ്രയാസങ്ങൾ ആവശ്യമാണ്.
- ഡോ. എ.പി.ജെ. അബ്ദുൾ കലാം



മധ്യമേഖലയിലെ കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ എന്നീ ജില്ലകളിലായി 4 ജില്ലാ ജയിലുകളും, 1 സെൻട്രൽ ജയിലും, 1 അതീവ സുരക്ഷാ ജയിലും, 1 വനിത ജയിലും, 4 സ്പെഷ്യൽ സബ് ജയിലുകളും, 7 സബ് ജയിലുകളും, 1 ബോസ്റ്റൽ സ്കൂളും അടക്കം 19 ജയിൽ സ്ഥാപനങ്ങളുണ്ട്.

ഉത്തരമേഖലയിലെ മലപ്പുറം, കോഴിക്കോട്, വയനാട്, പാലക്കാട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലായി 5 ജില്ലാ ജയിലുകളും, 1 തുറന്ന ജയിലും, 1 സെൻട്രൽ ജയിലും, 1 വനിത ജയിലും, 7 സ്പെഷ്യൽ സബ് ജയിലുകളും, 8 സബ് ജയിലുകളും, അടക്കം 23 ജയിൽ സ്ഥാപനങ്ങളുണ്ട്.

തുറന്ന ജയിൽ ഒഴികെയുള്ള ജയിൽ സ്ഥാപനങ്ങളിൽ കോടതിയുടെയോ, സർക്കാരിന്റെയോ ഉത്തരവനുസരിച്ച് കരുതൽ തടങ്കലോ, ജുഡീഷ്യൽ കസ്റ്റഡിയോ ശിക്ഷയോ അനുഭവിക്കുന്നതിന്റെ ഭാഗമായി പ്രവേശിപ്പിക്കപ്പെടുന്ന അന്തേവാസികളുടെ മേലുള്ള മേൽ പറഞ്ഞ ഉത്തരവുകൾ സംശുദ്ധീകരണ സാന്മാർഗീകരണ പ്രവർത്തനങ്ങൾ അനുസരിച്ച് നിർവ്വഹിക്കുകയാണ് ജയിൽ വകുപ്പിന്റെ കർത്തവ്യം.



# പ്രവേശനം

- ജയിൽ സ്ഥാപനത്തിലേക്ക് പ്രവേശിക്കപ്പെടുന്നത് വാറന്റ്/ ഉത്തരവ് അനുസരിച്ചാണെന്നതിനാൽ വാറന്റ്/ ഉത്തരവിൽ പരാമർശിക്കപ്പെട്ടിരിക്കുന്നയാൾ തന്നെയാണെന്ന് തിരിച്ചറിയത്തക്ക വിധത്തിലുള്ള ചോദ്യങ്ങൾക്ക് കൃത്യവും സത്യസന്ധവുമായ മറുപടി പ്രവേശന സമയത്ത് നൽകാനും തിരിച്ചറിയാനുള്ള അടയാളങ്ങൾ പരിശോധനാ ഉദ്യോഗസ്ഥരെ ബോധ്യപ്പെടുത്തുവാനും ജയിലിൽ പ്രവേശിക്കുന്ന അന്തേവാസി ബാധ്യസ്ഥനാണ്.

- ജയിലിനുള്ളിൽ പ്രവേശിക്കപ്പെടുന്ന സമയത്തെ മുതലുകൾ പണമോ മറ്റേതെങ്കിലും വസ്തുവോ കൈവശമുണ്ടെങ്കിൽ അത് സ്വമേധയ പരിശോധനാ ഉദ്യോഗസ്ഥനെ ഏൽപ്പിക്കേണ്ടതും അതിനുള്ള രജിസ്റ്ററിൽ രേഖപ്പെടുത്തിയതായി ബോധ്യപ്പെടുകയും രസീത് ആവശ്യമെങ്കിൽ കൈപ്പറ്റേണ്ടതുമാണ്.

- ചികിത്സ സംബന്ധിച്ച വിവരങ്ങളോ കസ്റ്റഡിയിലുണ്ടായിരുന്ന സമയത്തെ മോശം പെരുമാറ്റം സംബന്ധിച്ച പരാതികളോ ശരീരത്തിലെ മുറിവുകൾ, പരിക്കുകൾ എന്നിവ സംബന്ധിച്ചോ എന്തെങ്കിലും ബോധിപ്പിക്കാനുണ്ടെങ്കിൽ പ്രവേശന സമയത്ത് തന്നെ ഉദ്യോഗസ്ഥരെ അറിയിക്കേണ്ടതാണ്.

- ജയിലിനുള്ളിൽ പ്രവേശിപ്പിക്കപ്പെട്ടതിനുശേഷമുള്ള ദേഹപരിശോധനയിൽ പണമോ, ഇലക്ട്രോണിക്സ് ഉപകരണങ്ങളോ, മദ്യമോ, മയക്കുമരുന്നോ, പുകയിലയോ, മറ്റെന്തെങ്കിലും നിരോധിത വസ്തുക്കളോ കൈവശം ഉണ്ടായിരിക്കാൻ പാടില്ല.

- തടവുകാരുടെ ദേഹപരിശോധന നിയമപരമായ ബാധ്യത ആയതിനാൽ അന്തസ്സും സ്വകാര്യതയും ഉറപ്പു വരുത്തുന്ന വിധവും ആത്മാഭിമാനത്തെയും മാന്യതയെയും ഹനിക്കാത്ത തരത്തിലുള്ളതുമായ പരിശോധനയ്ക്ക് സർവ്വാത്മന വിധേയമാകേണ്ടതാണ്. സ്ത്രീതടവുകാർക്ക് ഇക്കാര്യത്തിൽ സ്വകാര്യതയും, സ്ത്രീകളായ ഉദ്യോഗസ്ഥർ മാത്രമുള്ള പരിശോധനയും ഉറപ്പ് വരുത്തിയിട്ടുണ്ടെന്ന് സ്വയം ബോധ്യപ്പെടാവുന്നതാണ്.

- പ്രവേശന സമയത്ത് ബന്ധുക്കൾ, സുഹൃത്തുക്കൾ എന്നിവരുടെ പേരും വിലാസവും, ഫോൺ നമ്പരും നൽകേണ്ടതാണ്.
- പ്രവേശന സമയത്ത് ഏത് വിഭാഗത്തിൽ പെടുന്ന തടവുകാരനാണെന്നും (ശിക്ഷ/ വിചാരണ/ സിവിൽ/കരുതൽ തടങ്കൽ) അനുവദിച്ചിരിക്കുന്ന നമ്പർ ഏതാണെന്നും മനസിലാക്കേണ്ടതും, തുടർന്നുള്ള നടപടികൾക്ക് പ്രസ്തുത നമ്പർ ഓർത്തിരിക്കേണ്ടതുമാണ്.



# നിരീക്ഷണവും സൗകര്യങ്ങളും

- പ്രവേശനത്തിനു ശേഷമുള്ള നിരീക്ഷണകാലയളവിൽ ഇതിനായി നിശ്ചയിക്കപ്പെട്ടിട്ടുള്ള ബ്ലോക്കുകളിൽ നിഷ്കർഷിച്ചിട്ടുള്ള കാലയളവിൽ കഴിയാൻ ബാധ്യസ്ഥരാണ്.
- നിരീക്ഷണ കാലയളവിൽ ശാരീരിക പരിശോധന/മെഡിക്കൽ പരിശോധന എന്നിവക്ക് വിധേയമാകുക, വാറണ്ടിലെ/ഉത്തരവിലെ വിവരങ്ങൾ ഒത്തു നോക്കി ബോധ്യപ്പെടുക, രജിസ്റ്ററിലും സോഷ്യൽ കേസ് റിക്കോർഡ്സിലും കൂടുതലായി ചേർക്കേണ്ട വിവരങ്ങൾ നൽകുക എന്നിവ തടവുകാരുടെ ബാധ്യതയാണ്.
- അന്തേവാസികൾക്ക് ബന്ധുക്കൾ, സുഹൃത്തുക്കൾ, നിയമോപദേശകർ എന്നിവരുമായി ബന്ധപ്പെടുന്നതിന് ടെലഫോൺ, തപാൽ സൗകര്യം, ഇന്റർവ്യൂ എന്നിവക്ക് അവസരമുണ്ട്.
- കിടക്കുന്നതിനായി 3.72 ച.മീ. കാർപ്പെറ്റ് വിസ്തൃതിക്കും, 17 ഘ.മീ. ശ്വസന ധാരിതക്കും, കിടക്ക സാമഗ്രികളായ പായ, ജമുക്കാളം എന്നിവയ്ക്കും ഭക്ഷണം വാങ്ങുന്നതിനായി വലിയ സ്റ്റീൽ പ്ലേറ്റ്, ചെറിയ പ്ലേറ്റ്, ടംബ്ലർ, മൊന്ത എന്നിവയ്ക്കും അവകാശമുണ്ട്.
- സ്വന്തമായി ആവശ്യത്തിന് വസ്ത്രങ്ങളില്ലാത്ത സിവിൽ/ റിമാന്റ്/ കരുതൽ തടങ്കൽ പുരുഷ തടവുകാർക്ക് ജയിലിൽ നിർമ്മിച്ച മുണ്ട്, അടിവസ്ത്രം, ഷർട്ട്, തോർത്ത് എന്നിവയ്ക്കും സ്ത്രീ തടവുകാർക്ക് സാരി, ബ്ലൗസ്, അടിവസ്ത്രങ്ങൾ, തോർത്ത്, ചീർപ്പ്, സാനിറ്ററി നാപ്കിൻ എന്നിവയ്ക്കും അർഹതയുണ്ട്. നിശ്ചയിക്കപ്പെട്ടിട്ടുള്ള കാലാവധിയുള്ള ജയിൽ വസ്ത്രങ്ങൾ തന്നെ ശിക്ഷാ തടവുകാർ ധരിക്കേണ്ടതാണ്.
- റിമാന്റ് തടവുകാർക്കും ഗുണ്ടാ ആക്ട് / കോഫേ പോസ നിയമപ്രകാരം ജയിലിൽ പ്രവേശിക്കപ്പെടുന്നവർക്കും സ്വന്തം വസ്ത്രങ്ങൾ ഉപയോഗിക്കാം
- ബ്ലോക്കുകളിലും സെല്ലുകളിലും ആവശ്യാർത്ഥം വെളിച്ചം, ഫാൻ, ശുദ്ധവായു എന്നിവ ലഭിക്കുന്നതാണ്
- വെള്ളം, വൈദ്യുതി തുടങ്ങിയവയുടെ ഉപയോഗത്തിൽ മിതത്വം പാലിക്കേണ്ടതാണ്.
- ജയിലിൽ പ്രവർത്തിക്കുന്ന പ്രിസണേഴ്സ് കാന്റീനിൽ നിന്നും എല്ലാ തടവുകാർക്കും കാന്റീനിൽ ലഭ്യമായ എല്ലാ സാധനങ്ങളും വാങ്ങാവുന്നതാണ്.
- പത്രം, മാസികകൾ, ആനുകാലിക പ്രസിദ്ധീകരണങ്ങൾ മുതലായവ തടവുകാർക്ക് സ്വന്തം ചെലവിൽ സൂപ്രണ്ടിന്റെ അനുമതിയോടുകൂടി വാങ്ങി ഉപയോഗിക്കാവുന്നതാണ്.




# നിരീക്ഷണവും സൗകര്യങ്ങളും

- തടവുകാർക്ക് ദൈനംദിന യോഗാ, പി.റ്റി., കായികയിനങ്ങൾ തുടങ്ങിയവയിലും ജയിലിൽ നടക്കുന്ന മറ്റ് കലാ–സാംസ്ക്കാരിക പരിപാടികളിലും പങ്കെടുക്കാവുന്നതാണ്.
- അന്തേവാസികൾ ജയിലിനുള്ളിൽ 24 മണിക്കുറും സി.സി.റ്റി.വി. നിരീക്ഷണത്തിൽ ആയിരിക്കും.
- അന്തേവാസികൾക്ക് സ്ഥിരമായി ടെലിഫോൺ ചെയ്യുന്നതിനായി ബന്ധപ്പെട്ടവരുടെ അംഗീകൃത തിരിച്ചറിയൽ രേഖകൾ ഹാജരാക്കേണ്ടതാണ്.
- അന്തേവാസികൾക്ക് ജയിലിലെ ലൈബ്രറി സൗകര്യം ഉപയോഗിക്കുന്നതിനും, പത്രം, മറ്റ് ആനുകാലിക പസിദ്ധീകരണം, മാസികകൾ എന്നിവ ലഭിക്കുന്നതിനും അവസരമുണ്ട്.
- ചട്ടങ്ങൾക്കനുസരിച്ച് ജയിലുകളിലെ ക്യാന്റീൻ സൗകര്യം ഉപയോഗിക്കാൻ അർഹതയുണ്ട്.
- 6 വയസുവരെയുള്ള കുട്ടികളെ ജയിലിൽ പ്രവേശിപ്പിക്കപ്പെടുന്ന അമ്മമാരോടൊപ്പം കഴിയുവാൻ അനുവദിക്കുന്നതാണ്.
- ഇപ്രകാരം അമ്മയോടൊപ്പം കുട്ടികളെ പാർപ്പിച്ചിട്ടുള്ള എല്ലാ ജയിലുകളിലും ക്രഷ് സംവിധാനം ഉണ്ടായിരിക്കുന്നതാണ്.
- മെഡിക്കൽ ഓഫീസർ നിർദ്ദേശിക്കുന്ന ആഹാരവും വസ്ത്രവും കുട്ടികൾക്ക് നൽകുന്നതാണ്.



വിജയത്തിലൂടെ കൈവരുന്നതല്ല ശക്തി,
നിങ്ങളുടെ പ്രശ്നങ്ങളാണ്,
നിങ്ങളുടെ ശക്തിയെ രൂപീകരിക്കുന്നത്...
ജീവിതത്തിലെ ഏറ്റവും വിഷമകരമായ ഘട്ടങ്ങളിൽ
സ്വയം അടിയറവു പറയില്ലെന്ന്,
നിങ്ങൾ തീരുമാനിച്ചാൽ അതാണ് ശക്തി !!!

**മഹാത്മാ ഗാന്ധി**







# പൊതുവായ ദൈനംദിനചര്യകൾ

- പ്രഭാതത്തിൽ 6 മണിക്ക് സെല്ലുകൾ/ബ്ലോക്കുകൾ തുറന്നാലുടൻ ക്രമമായി ഇറങ്ങി കിടക്ക സാമഗ്രികൾ പുറത്ത് കൊണ്ട് വന്ന് കുടഞ്ഞ് തിരികെ വക്കേണ്ടതും, തുടർന്ന് നാലുപേരടങ്ങുന്ന വരികളായി നിന്ന് എണ്ണം ഉദ്യോഗസ്ഥരെ ബോധ്യപ്പെടുത്തേണ്ടതുമാണ്. മുറിയും പരിസരവും വൃത്തിയാക്കിയാൽ ദിനചര്യകൾ നിർവഹിക്കേണ്ടതും പ്രഭാതഭക്ഷണം ലഭ്യമായാൽ  ഏൽപ്പിക്കപ്പെട്ട ജോലികൾക്കായി ചുമതലയുള്ള ഉദ്യോഗസ്ഥന്റെ നിർദ്ദേശാനുസരണം തൊഴിൽ സ്ഥലത്തെത്തേണ്ടതുമാണ്. 11.45 മണിക്ക് ഉച്ച ഭക്ഷണത്തിനായി സെല്ലുകൾ/ബ്ലോക്കുകളിലേക്ക് മടങ്ങേണ്ടതും തുടർന്ന് ഉച്ച ഭക്ഷണത്തിനു ശേഷം 4.30 വരെ ജോലിയിൽ ഏർപ്പെടേണ്ടതുമാണ്. വൈകിട്ട് തിരികെ വന്നാൽ കുളി, ദിനചര്യകൾ എന്നിവക്ക് ശേഷം വിനോദങ്ങളിൽ ഏർപ്പെടാവുന്നതാണ്. 6.00 മണിക്ക് ലോക്കപ്പ് ചെയ്താൽ 9.00 മണിവരെ വായിക്കുകയോ, വിനോദങ്ങളിൽ  ഏർപ്പെടുകയോ ചെയ്യാം.

- ജയിലിനകത്തേക്കും പുറത്തേക്കും പോകുമ്പോഴും സെല്ലുകൾ/ബ്ലോക്കുകളിലേക്ക് കയറുമ്പോഴും എണ്ണമെടുക്കുകയും  ദേഹപരിശോധനക്ക് വിധേയമാകുകയും ചെയ്യണം.

- ദിനചര്യ/പ്രാഥമിക കൃത്യങ്ങൾ/ജോലി/ഭക്ഷണവിതരണം/വിശ്രമം ഇവ സംബന്ധിച്ച് ജയിലിൽ ദൈനംദിന പ്രവർത്തനങ്ങൾക്കായി നിശ്ചയിക്കപ്പെട്ടിട്ടുള്ള സമയക്രമം വീഴ്ച കൂടാതെ പാലിക്കാനും അതിന്മേലുള്ള ഉദ്യോഗസ്ഥരുടെ നിർദ്ദേശങ്ങൾ അനുസരിക്കാനും എല്ലാ അന്തേവാസികളും ബാദ്ധ്യസ്ഥരാണ്.





## വ്യക്തി ശുചിത്വം

## പരിസര ശുചിത്വം

## ആരോഗ്യ സംരക്ഷണം

- മതാചാരങ്ങൾ അനുസരിച്ച് ഒഴിച്ചു കൂടാൻ പാടില്ലാത്തവരൊഴികെ എല്ലാവരും ആരോഗ്യപരമായ വ്യക്തിശുചിത്വത്തിന്റെ ഭാഗമായി മുടി മുറിക്കൽ, ഷേവിംഗ്, നഖപരിപാലനം എന്നിവ നിർവ്വഹിക്കേണ്ടതാണ്.
- കുളിക്കുന്നതിനും നനക്കുന്നതിനുമുള്ള സോപ്പ്, എണ്ണ എന്നിവ ആഴ്ചയിലൊരിക്കൽ നിർദ്ദിഷ്ട അളവിൽ നൽകുന്നതാണ്.
- കേശ സംരക്ഷണത്തിനുള്ള പ്രത്യേക സൗകര്യങ്ങളും മാസമുറയ്ക്കനുസരിച്ചുള്ള നാപ്കിനുകളുടെ വിതരണവും സ്ത്രീ തടവുകാർക്ക് ജയിൽ നിയമം ഉറപ്പ് നൽകിയിട്ടുണ്ട്.
- ഗർഭിണികളായ തടവുകാർ, കുട്ടികളെ ഒപ്പം കഴിയാൻ അനുവദിക്കപ്പെട്ടിട്ടുള്ള അമ്മമാരായ തടവുകാർ എന്നിവർക്ക് ചട്ട പ്രകാരം പ്രത്യേക പരിരക്ഷയ്ക്ക് അർഹതയുണ്ട്.
- രോഗമുള്ള അന്തേവാസികൾക്ക് ജയിൽ മെഡിക്കൽ ഓഫീസർ നിർണ്ണയിക്കുന്ന ഐ.പി/ഒ.പി/റഫറൽ ചികിത്സക്ക് അർഹതയുള്ളതും ഒരേ സമയത്ത് അലോപതി/ആയുർവേദം/ഹോമിയോപതി എന്നിവയിൽ ഏതെങ്കിലും ഒരു ചികിത്സാ പദ്ധതി മാത്രം അനുവദിക്കുന്നതുമാണ്.
- പുകയില, കഞ്ചാവ്, മദ്യം, മറ്റ് ലഹരി വസ്തുക്കളുടെ ഉപയോഗം എന്നിവ ഗുരുതരമായ അച്ചടക്ക ലംഘനമാണ്. ആരോഗ്യപരമായ കാരണത്താൽ പുകയില വസ്തുക്കളുടെ ഉപയോഗം കർശനമായി നിരോധിച്ചിട്ടുള്ളതിനാൽ പൂർണ്ണമായും ഉപേക്ഷിക്കേണ്ടതാണ്.
- അവരവരുടെ സെല്ലുകൾ, കുളിമുറി, കക്കൂസ്, പരിസരം മുതലായവ ശുചിയായി സൂക്ഷിക്കുവാൻ അന്തേവാസികൾ ബാധ്യസ്ഥരാണ്.
- എല്ലാ തരം ഖര–ജൈവ മാലിന്യങ്ങളും നിഷ്കർഷിച്ചിട്ടുള്ള സ്ഥലങ്ങളിൽ നിക്ഷേപിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.
- ആഹാര പാനീയങ്ങൾ ദുരുപയോഗം ചെയ്യാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.
- ജയിലിലെ ലൈബ്രറി സൗകര്യം ഉപയോഗിക്കുന്നതിനും, പത്രം, മറ്റ് ആനുകാലിക പ്രസിദ്ധീകരണം, മാസികകൾ എന്നിവ സൗജന്യമായി ലഭിക്കുന്നതിനും അവസരമുണ്ട്.



# വിശ്വാസവും ആചാരങ്ങളും

- അവരവരുടെ മതവിശ്വാസത്തിൽ അധിഷ്ഠിതമായ പ്രാർത്ഥനക്കും, ഉപവാസം പോലെയുള്ള അനുഷ്ഠാനങ്ങൾക്കും സൗകര്യമുണ്ടായിരിക്കും. അന്തേവാസികൾക്ക് യോഗ, മെഡിറ്റേഷൻ, ധാർമ്മിക ബോധവൽക്കരണ പരിപാടി എന്നിവയിൽ പങ്കെടുക്കാവുന്നതാണ്.
- തടവുകാരുടെ പൂണൂൽ, വിവാഹ മോതിരം, സ്ത്രീകളുടെ മംഗല്യസൂത്രം എന്നിവയും പ്രാർത്ഥനക്കായി കൊന്ത, ജപമാല തുടങ്ങിയവയും ഉപയോഗിക്കാൻ അനുവദിക്കുന്നതാണ്.



# വിദ്യാഭ്യാസം-തൊഴിൽപരിശീലനം

- സാക്ഷരത, ഇ– സാക്ഷരത, തുടർവിദ്യാഭ്യാസം, വിദൂര വിദ്യാഭ്യാസ പരിപാടികൾ എന്നിവക്ക് എല്ലാ സൗകര്യവും ലഭ്യമാണ്. ഇതിനു വേണ്ട സാമ്പത്തിക ചെലവുകൾ സ്വന്തമായോ, സ്പോൺസർമാർ വഴിയോ കണ്ടെത്തേണ്ടതാണ്.
- തൊഴിൽ പരിശീലനത്തിൽ പങ്കെടുക്കുന്നതിനും അതു വഴി തൊഴിൽ നൈപുണ്യം നേടുന്നതിനും അവസരം ഉണ്ടായിരിക്കും.
- നിരക്ഷരരായ തടവുകാർ ജയിൽമോചനത്തിനുമുമ്പായി സാക്ഷരരാകേണ്ടതാണ്. ഇതിനായി 8 മണിക്കൂർ ജോലി എന്നത് 6 മണിക്കൂർ ജോലി 2 മണിക്കൂർ പഠനം എന്ന നിലയിൽ ക്രമീകരിച്ചിരിക്കുന്നു.



> വിജയം എന്നത് യാദൃശ്ചികമല്ല..
> അത് കഠിനാധ്വാനവും,നിരന്തരപ്രയത്നവും,
> അറിവും, ത്യാഗവും അതിലെല്ലാം ഉപരി
> ചെയ്യുന്ന പ്രവർത്തിയോടുള്ള സ്നേഹവുമാണ്..
>
> -പെലെ







# തൊഴിൽ - വേതനം

- ഓരോ ജയിലിലും ചട്ടമനുസരിച്ചുള്ള ജോലി ചെയ്യുന്നതിനും നിശ്ചയിക്കപ്പെട്ട വേതനം ലഭിക്കുന്നതിനും അർഹതയുണ്ടായിരിക്കും.
- കഠിന തടവിന് ശിക്ഷിക്കപ്പെട്ടവർ നിശ്ചയിക്കപ്പെട്ട ജോലി കൃത്യമായും ചെയ്യാൻ ബാധ്യസ്ഥരാണ്.
- പ്രത്യേക ജോലികളിൽ വൈദഗ്ദ്ധ്യമുള്ളവർക്ക് അത് ഉദ്യോഗസ്ഥരുടെ ശ്രദ്ധയിൽപ്പെടുത്താവുന്നതാണ്. എന്നാൽ തൊഴിലും വേതനവും ഒരു തടവുകാരന്റെയും അവകാശമായിരിക്കുന്നതല്ല.
- സ്ത്രീ തടവുകാരെ ജയിലിനു പുറത്തെ ജോലിക്ക് നിർബന്ധിക്കാൻ പാടില്ലെന്ന നിയമപരിരക്ഷയുണ്ട്.
- വെറും തടവിന് ശിക്ഷിച്ച തടവുകാർ, റിമാന്റ് / വിചാരണ തടവുകാർ തുടങ്ങിയവർക്ക് ശാരീരികശേഷി അനുവദിക്കുന്നുണ്ടെങ്കിൽ അവരുടെ താൽപ്പര്യപ്രകാരം ജോലി ചെയ്യാവുന്നതാണ്.
- ജോലിചെയ്യുന്ന തടവുകാർക്ക് അപ്രന്റിസ് വേതനം, അടിസ്ഥാന വേതനം, സ്കിൽഡ് വേതനം, അധിക വേതനം എന്നിങ്ങനെ നാല് വിഭാഗങ്ങളിലായി വ്യത്യസ്ഥ നിരക്കിലാണ് വേതനം നൽകിവരുന്നത്.
- പ്രതിമാസവേതനത്തിന്റെ പകുതി കുടുംബാവശ്യത്തിനും നാലിലൊന്ന് കാന്റീൻ വിഹിതമായും നാലിലൊന്ന് മോചനവിഹിതമായും നിശ്ചയിച്ചിരിക്കുന്നു.



**ശ്രമത്തിലാണ്,**
**ഫലപ്രാപ്തിയിലല്ല**
**സംതൃപ്തി ഉളവാകുന്നത്:**
**സമ്പൂർണ്ണ ശ്രമം**
**സമ്പൂർണ്ണ വിജയമാകുന്നു.!**

-മഹാത്മാ ഗാന്ധി





## വിനോദം- കൂടിക്കാഴ്ച

- മാനസിക-ശാരീരിക ഉല്ലാസം ലക്ഷ്യമാക്കി കായിക-കലാ പരിപാടികളിൽ പങ്കെടുക്കുന്നതിന് സൗകര്യം ഉണ്ടായിരിക്കും. ഈ ആവശ്യത്തിലേക്കായി കായിക ഉപകരണങ്ങളും വിനോദ ഉപകരണങ്ങളും ജയിലിൽ ലഭ്യമാണ്.
- ദൃശ്യ-ശ്രവ്യ ഉപാധികളായ ടെലിവിഷൻ, റേഡിയോ എന്നിവയിലൂടെ പരിപാടികൾ ആസ്വദിക്കാൻ അവസരമുണ്ടായിരിക്കും. എന്നാൽ സമയം നിശ്ചയിക്കുന്നത് ജയിലിന്റെ ദൈനംദിന പ്രവർത്തനങ്ങൾ, ജയിൽ സുരക്ഷ, അച്ചടക്കം എന്നിവക്ക് വിഘാതം ഉണ്ടാവാത്ത രീതിയിലായിരിക്കും.
- ദേശീയ ദിനങ്ങളും കേരളപ്പിറവി ദിനവും, റംസാൻ-ബക്രീദ്, ഈസ്റ്റർ-ക്രിസ്മസ്, ഓണം-വിഷു ദിനങ്ങളും സമുചിതമായി ആഘോഷിക്കാൻ അവസരമുണ്ട്. ജയിൽ ചട്ടങ്ങൾക്കനുസരിച്ച് ഈ ആഘോഷ ദിവസങ്ങളിൽ സദ്യയും ലഭിക്കുന്നതാണ്.
- മാനസിക സംഘർഷം ലഘൂകരിക്കുന്നതിന്റെയും ക്ഷേമ പ്രവർത്തനങ്ങളുടേയും ഭാഗമായി സംഘടിപ്പിക്കുന്ന ജയിൽ ക്ഷേമ ദിനാഘോഷങ്ങളിൽ അന്തേവാസികൾക്ക് പങ്കെടുക്കാവുന്നതാണ്.
- ഇന്റർവ്യൂവിന്റെ എണ്ണവും സന്ദർശകരുടെ എണ്ണവും നിയമപ്രകാരം നിയന്ത്രിക്കപ്പെട്ടിട്ടുണ്ട്.
- തടവുകാരുടെ ബന്ധുക്കൾ, സുഹൃത്തുക്കൾ, നിയമോപദേശകർ തുടങ്ങിയവരുമായുള്ള കൂടിക്കാഴ്ചക്ക് ഞായറാഴ്ച ഒഴികെയുള്ള എല്ലാ പ്രവർത്തി ദിവസങ്ങളിലും രാവിലെ 11 മണി മുതൽ 1 വരെയും 3 മണി മുതൽ 5 വരെയും അവസരമുണ്ട്. കോഫേപോസ/കാപ്പ ഡെറ്റിന്യൂകൾക്ക് ആഴ്ചയിൽ ഒരിക്കൽ മാത്രമേ ഇന്റർവ്യൂ അനുവദിക്കുകയുള്ളു.
- അന്തേവാസികളെ കാണുവാൻ വരുന്ന എല്ലാ സന്ദർശകരും അംഗീകൃത തിരിച്ചറിയൽ രേഖകൾ ഹാജരാക്കേണ്ടതാണ്.
- കൊഫെപോസ തടവുകാർക്ക് കസ്റ്റംസ്/ റെവന്യൂ ഇന്റലിജൻസ് ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിൽ മാത്രമേ കൂടിക്കാഴ്ച അനുവദിക്കുകയുള്ളൂ.

## പരാതികൾ-അപേക്ഷ

- ജില്ലാ ജഡ്ജിയുടെ നിയന്ത്രണത്തിലുള്ള പരാതിപ്പെട്ടികൾ, ഡി.ജി.പി. സ്ഥാപിച്ചിരിക്കുന്ന പരാതിപ്പെട്ടികൾ എന്നിവ പരാതികളും അപേക്ഷകളും നൽകാനായി ഉപയോഗപ്പെടുത്താവുന്നതാണ്.
- ജയിലിൽ വച്ച് കോടതികൾ, മനുഷ്യാവകാശ കമ്മീഷനുകൾ, സർക്കാർ, ജയിൽ വകുപ്പ് കാര്യാലയം എന്നിവിടങ്ങളിലേക്കുള്ള ഏത് പരാതിയും അപേക്ഷയും തയ്യാറാക്കാവുന്നതും സൂപ്രണ്ട് മുഖാന്തിരം അയക്കാവുന്നതുമാണ്.
- തടവുകാരുടെ പരാതികൾ കൈകാര്യം ചെയ്യുന്നതിനായി ഒരു പരാതി പരിഹാര സെൽ പ്രവർത്തിക്കുന്നുണ്ട്.
- ന്യായമായ പരാതി വ്യക്തിപരമായി ഉന്നയിക്കുന്നതിനും അപേക്ഷ സമർപ്പിക്കുന്നതിനും ജയിലാഫീസിൽ സൗകര്യം ഉണ്ടായിരിക്കുന്നതാണ്.

# ഭക്ഷണം



## ഭക്ഷണത്തിന്റെ ഇനങ്ങൾ

| | പ്രഭാത ഭക്ഷണം | ഉച്ച ഭക്ഷണം | ചായ (വൈകുന്നേരം) | അത്താഴം |
|---|---|---|---|---|
| ഞായർ | ഇഡ്ഡലി/ദോശ സാമ്പാർ, ചായ | ചോറ്, അവിയൽ തീയൽ, തൈര് | ചായ | ചോറ്, തോരൻ രസം |
| തിങ്കൾ | ചപ്പാത്തി, കടലക്കറി, ചായ | ചോറ്, മീൻകറി, വറവ്, പുളിശ്ശേരി | ചായ | ചോറ്, കപ്പപ്പുഴുക്ക്, രസം, അച്ചാർ (മാങ്ങ/നാരങ്ങ/നെല്ലിക്ക) |
| ചൊവ്വ | ഉപ്പുമാവ്, ചായ ഏത്തപ്പഴം/വാഴപ്പഴം | ചോറ്, അവിയൽ, സാമ്പാർ, തൈര് | ചായ | ചോറ്, തോരൻ, ചെറുപയർകറി |
| ബുധൻ | ചപ്പാത്തി, കടലക്കറി, ചായ | ചോറ്, മീൻകറി, അവിയൽ,പുളിശ്ശേരി | ചായ | ചോറ്, കപ്പപ്പുഴുക്ക്, രസം, അച്ചാർ (മാങ്ങ/നാരങ്ങ/നെല്ലിക്ക) |
| വ്യാഴം | ഉപ്പുമാവ്, ചായ ഏത്തപ്പഴം/വാഴപ്പഴം | ചോറ്, സാമ്പാർ അവിയൽ,തൈര് | ചായ | ചോറ്, തോരൻ രസം |
| വെള്ളി | ചപ്പാത്തി, കടലക്കറി, ചായ | ചോറ്, അവിയൽ എരിശ്ശേരി ,പുളിശ്ശേരി | ചായ | ചോറ്, തോരൻ, രസം |
| ശനി | ഉപ്പുമാവ്, ചായ ഏത്തപ്പഴം/വാഴപ്പഴം | ചോറ്, തോരൻ, മട്ടൻകറി, പുളിശ്ശേരി | ചായ | ചോറ്, കപ്പപ്പുഴുക്ക്, രസം, അച്ചാർ (മാങ്ങ/നാരങ്ങ/നെല്ലിക്ക) |

**വിശദ വിവരം ജയിൽ ചട്ടങ്ങളിൽ ഉള്ളടക്കം ചെയ്തിട്ടുണ്ട്.**

- രോഗികളായ അന്തേവാസികൾക്ക് മെഡിക്കൽ ഓഫീസർ ശുപാർശ ചെയ്താൽ ഭക്ഷണക്രമത്തിൽ മാറ്റം വരുത്തി അനുവദിക്കുന്നതാണ്.
- പാചകം ചെയ്ത ഭക്ഷണം പുറമെ നിന്നും അനുവദിക്കുന്നതല്ല.



# അവധി-ജയിൽമാറ്റം-മോചനം

- ശിക്ഷാ തടവുകാരിൽ ചട്ടപ്രകാരം അർഹതയുള്ളവർക്ക് സാധാരണ/അടിയന്തിര അവധികൾ അനുവദിക്കുന്നതാണ്. തുറന്ന ജയിലിലെ തടവുകാർക്ക് ഒരു കലണ്ടർ വർഷം 15 ദിവസം ഗാർഹിക അവധിയ്ക്കുകൂടി അർഹത ഉണ്ടായിരിക്കുന്നതാണ്.
- സാധാരണ അവധി ലഭിക്കുന്നതിനായി സൽസ്വഭാവികളായ തടവുകാർക്ക് ആകെ ശിക്ഷയുടെ മൂന്നിലൊരു ഭാഗമോ, രണ്ട് വർഷമോ ഏതാണോ കുറവ് ആ കാലയളവ് പൂർത്തീകരിക്കുന്നമുറയ്ക്ക് പോലീസ്, പ്രൊബേഷൻ റിപ്പോർട്ടുകൾക്കായി സൂപ്രണ്ടിന് അപേക്ഷ സമർപ്പിക്കേണ്ടതാണ്.
- അനുകൂലമായ പോലീസ്, പ്രൊബേഷൻ റിപ്പോർട്ടുകൾ ലഭിച്ചുകഴിഞ്ഞാൽ ഒരു കലണ്ടർ വർഷം 60 ദിവസത്തെ സാധാരണ അവധിയ്ക്ക് അർഹതയുണ്ടായിരിക്കും.
- ഒരു കലണ്ടർ വർഷം പരമാവധി 4 പ്രാവശ്യം (15 ദിവസത്തിൽ കുറവോ 30 ദിവസത്തിൽ കൂടുതലോ ആകരുത്) സാധാരണ അവധിയിൽ പോകാവുന്നതാണ്. എന്നാൽ യാത്രാസമയത്തിനുള്ള അർഹത 2 തവണ മാത്രമായിരിക്കും.
- അനുകൂലമായ പോലീസ് റിപ്പോർട്ടിന്റെയും വീട് നശിച്ചപോയ കേസുകളിൽ തഹസിൽദാറുടെയും ബന്ധുവിന്റെ അത്യാസന്ന നിലയിലാണെങ്കിൽ സിവിൽ സർജനിൽ കുറയാത്ത സർക്കാർ മെഡിക്കൽ ഓഫീസറുടെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലും അടിയന്തിരാവധി അനുവദിക്കാവുന്നതാണ്.
- അടിയന്തിരാവധി അനുവദിക്കാനുള്ള സാഹചര്യങ്ങളിൽ ആവശ്യമായ രേഖകൾ / റിപ്പോർട്ടുകൾ എന്നിവ സമർപ്പിക്കാനുള്ള ഉത്തരവാദിത്തം അപേക്ഷകനായിരിക്കും.
- ജയിലിലെ അന്തേവാസികളിൽ റിമാന്റ് പ്രതിക്ക് ബന്ധപ്പെട്ട കോടതിയുടെ അനുമതിയോട് കൂടിയും, ശിക്ഷാപ്രതിയാണെങ്കിൽ പോലീസ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും അടുത്ത ബന്ധുവിന്റെ മരണം/അത്യാസന്നനില അല്ലെങ്കിൽ വിവാഹം പോലെയുള്ള ആഘോഷങ്ങൾക്കും എസ്കോർട്ട് പരോളിന് അപേക്ഷിക്കാവുന്നതാണ്.
- ഏതു വിധത്തിലുള്ള അവധിയുടെയും അനുവദനീയ കാലയളവ് കർശനമായി പാലിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ഉണ്ടാകുന്ന വീഴ്ചകൾ തുടർന്നുള്ള അവധികളെയും മോചനത്തിനുള്ള ശുപാർശകളേയും പ്രതികൂലമായി ബാധിക്കുന്നതായിരിക്കും .
- ശിക്ഷാ തടവുകാരുടെ ജയിൽ മാറ്റത്തിനുള്ള അപേക്ഷകൾ ഡയറക്ടർ ജനറലിന്റെ അംഗീകാരത്തിനായി സമർപ്പിക്കാവുന്നതായിരിക്കും.
- സെൻട്രൽ ജയിലുകളിൽ പാർപ്പിച്ചിട്ടുള്ള അർഹതയുള്ള തടവുകാർക്ക് ഇതിനായി രൂപീകരിച്ചിട്ടുള്ള മേഖലാ സമിതിയുടെ പരിശോധനക്കും ശുപാർശക്കും വിധേയമായി ചട്ടം അനുശാസിക്കുന്ന രീതിയിൽ തുറന്ന ജയിലിലേക്കുള്ള മാറ്റത്തിന് അവസരമുണ്ടായിരിക്കും.
- ശിക്ഷാ തടവുകാർക്ക് ചട്ടം അനുശാസിക്കുന്ന തരത്തിലുള്ള ഇളവുകളിലൂടെയും കോടതി/സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിലും മോചനത്തിന് അർഹതയുണ്ടായിരിക്കും.
- അർഹതയുള്ള ശിക്ഷാ തടവുകാരുടെ അകാല വിടുതലിനും അവധി അനുവദിക്കുന്നതിനും സർക്കാർ മുമ്പാകെ ശുപാർശ നൽകുന്ന ജയിൽ ഉപദേശകസമിതിയുടെ യോഗങ്ങൾ വർഷത്തിൽ 2 തവണ കൂടുന്നതായിരിക്കും.
- കരുതൽ തടങ്കൽ തടവുകാർ സുരക്ഷയുടെ ഭാഗമായി പ്രത്യേകം സെല്ലുകളിൽ കഴിയാൻ ബാധ്യസ്ഥരാണ്. ഇവരുടെ മോചനം കരുതൽ തടങ്കൽ നിയമം അനുശാസിക്കുന്ന രീതിയിൽ അതിനായുള്ള സമിതിയുടെ/ബോർഡിന്റെ തീരുമാനത്തിന് വിധേയമായിട്ടായിരിക്കും.
- കോടതികളിൽ ഒടുക്കേണ്ട പിഴ തുക പ്രവർത്തി ദിവസങ്ങളിൽ ജയിലിൽ ഒടുക്കുന്നതിന് അവസരമുണ്ടായിരിക്കും.



# നിയമ സഹായം

- എല്ലാ ജയിലുകളിലും ജില്ലാ ലീഗൽ സർവീസ് അതോറിറ്റിയുടെ നേതൃത്വത്തിൽ പ്രവർത്തിച്ചുവരുന്ന സൗജന്യ നിയമസഹായ ക്ലിനിക്കുകൾ വഴി തടവുകാർക്ക് അപ്പീലുകൾ, ജാമ്യാപേക്ഷകൾ തുടങ്ങിയ എല്ലാവിധ നിയമ സഹായവും ലഭ്യമാണ്.

# വിദേശികൾ

- അന്തേവാസികളായ വിദേശ പൗരന്മാർക്ക് കോൺസലേറ്റുമായി ബന്ധപ്പെട്ട കാര്യങ്ങൾക്കും നയതന്ത്ര കർത്തവ്യങ്ങൾക്കുമായി ജയിൽ ഡി.ജി.പി.യുടെ കാര്യാലയം, സംസ്ഥാന സർക്കാർ, ഇന്ത്യാ ഗവൺമെന്റിന്റെ വിദേശ കാര്യമന്ത്രാലയം എന്നിവയുമായിട്ടും കുടുംബാംഗങ്ങളുമായിട്ടും ബന്ധപ്പെടുന്നതിനും നിയമ സഹായത്തിനുമായി സ്വന്തം ചെലവിൽ ഇന്റർനെറ്റ് സൗകര്യം ഉപയോഗിക്കാവുന്നതാണ്. കൂടാതെ നയതന്ത്ര ഉദ്യോഗസ്ഥന്മാർക്ക് തങ്ങളുടെ രാജ്യക്കാരായ തടവുകാരെ സന്ദർശിക്കുന്നതിന് അവകാശമുണ്ട്.
- വിദേശികളായ അന്തേവാസികൾക്ക് മെഡിക്കൽ ഓഫീസർ ശുപാർശ ചെയ്താൽ ഭക്ഷണക്രമത്തിൽ മാറ്റം വരുത്തി അനുവദിക്കുന്നതാണ്.

ശത്രുവിനെ പോലും
സുഹൃത്താക്കി മാറ്റാനുള്ള
**ശക്തി**
സ്നേഹത്തിനു
മാത്രമേയുള്ളു...
-മാർട്ടിൻ ലൂഥർ കിംഗ്



# ജയിൽകുറ്റങ്ങളും ശിക്ഷയും



ജയിലിലെ സുരക്ഷ, അച്ചടക്കം, നിയമങ്ങളുടെയും, ചട്ടങ്ങളുടെയും നിർവ്വഹണം എന്നിവ ഉൾപ്പെടെയുള്ള നിയന്ത്രണത്തിനും പരിപാലനത്തിനും വിരുദ്ധമായി തടവുകാരുടെ ഇനി പറയുന്ന പ്രവർത്തികൾ പ്രിസൺ കുറ്റങ്ങളാകുന്നതാണ്.

- പ്രിസണിലെ ഏതെങ്കിലും ചട്ടങ്ങളോ റഗുലേഷനുകളോ മനഃപൂർവ്വം അനുസരിക്കാതിരിക്കുക.

- വെറുതെ കറങ്ങി നടക്കുകയോ, മടിച്ചു നിന്നു കാലവിളംബം വരുത്തുകയോ, പ്രിസണിലെ ഒരു ഉദ്യോഗസ്ഥന്റെ അനുവാദം കൂടാതെ, ഏതു കൂട്ടത്തിലാണ് ചേർത്തിട്ടുള്ളത് ആ കൂട്ടത്തിന്റെയോ അല്ലെങ്കിൽ ജയിലിലെ ഏത് ഭാഗത്താണോ തടവിലിട്ടിരിക്കുന്നത് ആ ഭാഗത്ത് നിന്നോ, അയാൾക്ക് അനുവദിച്ചു നൽകിയിട്ടുള്ള വാർഡിൽ നിന്നോ, യാർഡിൽ നിന്നോ, ഫയലിൽ പറയുന്ന സ്ഥലത്തു നിന്നോ, ഇരിപ്പിടത്തിൽ നിന്നോ, കിടക്കയിൽ നിന്നോ പോകുക.

- അയാൾക്ക് നൽകിയ വസ്ത്രം ഉപേക്ഷിക്കുകയോ, ധരിക്കാൻ വിസ്സമ്മതിക്കുകയോ, അതിന്റെ ഏതെങ്കിലും ഭാഗം മറ്റൊരു തടവുകാരന്റെ വസ്ത്രത്തിനുവേണ്ടി കൈമാറ്റം ചെയ്യുകയോ, അതിന്റെ ഏതെങ്കിലും ഭാഗം അഴിച്ചുകളയുകയോ, ഉപേക്ഷിക്കുകയോ, കേടുവരുത്തുകയോ, മാറ്റം വരുത്തുകയോ ചെയ്യുക.

- വസ്ത്രത്തിലോ ശരീരത്തിലോ ചേർത്തിട്ടുള്ളതോ ധരിപ്പിച്ചിട്ടുള്ളതോ ആയ ഏതെങ്കിലും തിരിച്ചറിയൽ നമ്പരോ അടയാളമോ ബാഡ്ജോ നീക്കം ചെയ്യുകയോ മായ്ച്ചുകളയുകയോ മാറ്റം വരുത്തുകയോ ചെയ്യുക.

- വസ്ത്രങ്ങൾ, പുതപ്പുകൾ, കിടക്കവിരി, കപ്പുകൾ, മഗ്ഗുകൾ മുതലായവ വൃത്തിയായി സൂക്ഷിക്കുന്നതിന് വിസമ്മതിക്കുകയോ നിരസിക്കുകയോ അല്ലെങ്കിൽ അത്തരം വസ്തുക്കളുടെ ക്രമീകരണമോ വിന്യാസമോ സംബന്ധിച്ചുള്ള പ്രിസൺ ഉദ്യോഗസ്ഥന്റെ ഏതെങ്കിലും ഉത്തരവ് അനുസരിക്കാതിരിക്കുകയോ ചെയ്യുക.

- ഒരു പ്രിസൺ ഉദ്യോഗസ്ഥൻ പാടില്ല എന്നുത്തരവിട്ടതിനുശേഷം ഏതെങ്കിലും സമയത്ത് ഉച്ചത്തിൽ സംസാരിക്കുകയോ ചിരിക്കുകയോ പാടുകയോ ചെയ്യുക

- മറ്റ് ഏതെങ്കിലും തടവുകാരുമായി വഴക്ക് കൂടുക.

- പ്രിസണിലെ താഴുകൾ, വിളക്കുകൾ അല്ലെങ്കിൽ വെളിച്ചം അല്ലെങ്കിൽ പ്രിസണിലെ മറ്റ് വസ്തുക്കൾ എന്നിവയ്ക്ക് ഏതെങ്കിലും വിധത്തിൽ കേടുവരുത്തുക.

- പ്രിസൺ കെട്ടിടത്തിന്റെ തറയിലോ, വാതിലിലോ, ഭിത്തിയിലോ, അല്ലെങ്കിൽ മറ്റു ഭാഗത്തോ, പ്രിസണിലെ ഏതെങ്കിലും വസ്തുവിലോ തുപ്പുകയോ മറ്റു വിധത്തിൽ മലിനപ്പെടുത്തുകയോ ചെയ്യുക.

- പ്രിസണിന്റെ ഏതെങ്കിലും ഭാഗത്ത് ശല്യം ഉണ്ടാക്കുക.

- മറ്റ് ഏതെങ്കിലും തടവുകാരനെയോ ഒരു പ്രിസൺ ഉദ്യോഗസ്ഥനെയോ കൈയേറ്റം ചെയ്യുകയോ കുറ്റകരമായ ബലം പ്രയോഗിക്കുകയോ ചെയ്യുക.

- മറ്റ് ഏതെങ്കിലും തടവുകാരനെയോ, ഒരു പ്രിസൺ ഉദ്യോഗസ്ഥനെയോ കരുതിക്കൂട്ടിയോ, തുടരെത്തുടരെയോ അപമാനകരമായതോ സഭ്യമല്ലാത്തതോ ആയവാക്കുകൾ ഉപയോഗിക്കുക.

- സാധാരണ ബുദ്ധിക്കും അന്തസിനും നിരക്കാത്ത ഏതെങ്കിലും സ്വഭാവമോ മനഃപൂർവ്വവും ക്രമരഹിതവുമായ പെരുമാറ്റമോ കാണിക്കുക.

- ജോലിയിൽ നിന്ന് രക്ഷപ്പെടാനായി മനഃപൂർവ്വം സ്വയം പരിക്കേൽപ്പിക്കുകയോ അപ്രാപ്തനാകുകയോ അല്ലെങ്കിൽ അങ്ങനെ നടിക്കുകയോ ചെയ്യുക.

- ഒരു പ്രിസൺ ഉദ്യോഗസ്ഥന്റെ അറിവോ അനുവാദമോ ഇല്ലാതെ ഏതെങ്കിലും വസ്തു നിർമ്മിക്കുകയോ ഉണ്ടാക്കുകയോ ചെയ്യുക.

- യുക്തമായ കാരണങ്ങളില്ലാതെ ജോലി ചെയ്യാൻ വിസമ്മതിക്കുക.

- മനഃപൂർവ്വം അലക്ഷ്യമായി തന്റെ ജോലി ചെയ്യുകയോ, അന്യായമാർഗ്ഗങ്ങളിലൂടെ തന്റെ അദ്ധ്വാന ഫലമായ ഉൽപ്പന്നത്തിന് നഷ്ടം ഉണ്ടാക്കുകയോ അപചയം വരുത്തുകയോ, നിയമപരമായ കാരണങ്ങളില്ലാതെ ഏതെങ്കിലും തൊഴിലുപകരണത്തിന് കേടുവരുത്തുകയോ ചെയ്യുക.
- മനഃപൂർവ്വം കള്ള ദീനം നടിച്ചുകിടക്കുക.
- മനഃപൂർവ്വം നിഷ്ക്രിയനായിരിക്കുകയോ ജോലിയിൽ അലക്ഷ്യത കാണിക്കുകയോ ചെയ്യുക.
- പ്രിസണുമായി ബന്ധപ്പെട്ട ഏതെങ്കിലും ഹിസ്റ്ററി ടിക്കറ്റോ റിക്കാർഡോ രേഖയോ കേടുവരുത്തുകയോ മായ്ച്ചുകളയുകയോ ചെയ്യുക.
- ഏതെങ്കിലും നിരോധിത വസ്തു സ്വീകരിക്കുകയോ കൈവശം വയ്ക്കുകയോ അല്ലെങ്കിൽ ജയിലിന് പുറത്തേക്ക് അയയ്ക്കുന്നതിനായി ഏതെങ്കിലും നിരോധിത വസ്തു കൈമാറ്റം ചെയ്യുകയോ കൈമാറ്റം ചെയ്യാൻ ശ്രമിക്കുകയോ ചെയ്യുക.
- കുറ്റകൃത്യങ്ങളിൽ ആയുധമായി ഉപയോഗിക്കാൻ കഴിയുന്ന കത്തികൾ, റേസർ ബ്ലേഡുകൾ, കത്രികകൾ, ആണികൾ, ഹാക്ക്സാ ബ്ലേഡുകൾ മുതലായവ കൈവശം വയ്ക്കുക.
- അനധികൃത ഭക്ഷണസാധനങ്ങൾ, പാചകപ്പാത്രങ്ങൾ, എണ്ണകൾ, വിളക്കുതിരികൾ തുടങ്ങിയവ കൈവശം വയ്ക്കുക.
- മറ്റ് തടവുകാരുടെ മനസ്സിൽ അനാവശ്യമായി ആപത്ഭയം ജനിപ്പിക്കാൻ സാധ്യതയുള്ള ഏതെങ്കിലും പ്രവർത്തികൾ ചെയ്യുക.
- മനഃപൂർവ്വമോ അലക്ഷ്യമായോ ഭക്ഷണസാധനം നശിപ്പിക്കുകയോ ഉപയോഗശൂന്യമാക്കുകയോ ചെയ്യുക.
- മനുഷ്യവാസത്തിനും ഉപയോഗത്തിനുമുള്ള ഏതെങ്കിലും സ്ഥലമോ വസ്തുവോ വൃത്തികേടാക്കുകയോ മലിനപ്പെടുത്തുകയോ ചെയ്യുക.
- പ്രാധികാരം ചെയ്ത ആളുകൾക്കൊഴികെ ഏതെങ്കിലും ആളിന് എഴുതിയോ, വാക്കാലോ, അടയാളങ്ങളാലോ, മൊബൈൽ ഫോൺ വഴിയോ മറ്റ് ഇലക്ട്രോണിക് ഉപകരണങ്ങൾ വഴിയോ ഏതെങ്കിലും സന്ദേശങ്ങൾ അയയ്ക്കുക.
- മറ്റൊരു തടവുകാരന് വിഭജിച്ച് നൽകിയിട്ടുള്ള ജോലിയുടെ ഏതെങ്കിലും ഭാഗം ചെയ്യുകയോ അല്ലെങ്കിൽ ജോലി ചെയ്യുന്നതിൽ മറ്റൊരു തടവുകാരന്റെ അനധികൃത സഹായം തേടുകയോ ചെയ്യുക.
- അക്രമമോ, കൈയേറ്റമോ, ലഹളയോ, വിപ്ലവമോ, ആക്രമണമോ, ഘോരമായ വ്യക്തിപര ആക്രമണമോ മറ്റ് അടിയന്തിര സന്ദർഭങ്ങളിലോ പ്രിസൺ ഉദ്യോഗസ്ഥരെ സഹായിക്കുന്നതിൽ വീഴ്ച വരുത്തുകയോ, അവരെ സഹായിക്കുന്നതിൽനിന്നും മറ്റ് ആളുകളെ തടയുകയോ ചെയ്യുക.
- ഏതെങ്കിലും ഉദ്യോഗസ്ഥനോ തടവുകാരനോ എതിരെ മനഃപൂർവ്വം വ്യാജമായ കുറ്റാരോപണം കൊണ്ടുവരിക.
- ഉപവാസം പോലുള്ള മതപരമായ ആചാരങ്ങളിലൊഴികെ ഭക്ഷണം കഴിക്കാൻ വിസമ്മതിക്കുക.
- ഏതെങ്കിലും ചട്ടം, നിർദ്ദേശങ്ങൾ മുതലായവയ്ക്കെതിരെ പ്രതിഷേധിച്ച് നിരാഹാരസമരം നടത്തുക.
- മറ്റുള്ളവരുടെ മതവികാരങ്ങളെയോ, വിശ്വാസങ്ങളെയോ, അനുഷ്ഠാനങ്ങളെയോ മനഃപൂർവ്വം വ്രണപ്പെടുത്തുകയോ അല്ലെങ്കിൽ ഒരു തടവുകാരനെ വ്യത്യസ്ത മതവിശ്വാസത്തിലേക്ക് മതം മാറ്റുകയോ മാറ്റാൻ ശ്രമിക്കുകയോ ചെയ്യുക.
- പ്രിസണിന് അല്ലെങ്കിൽ തടവുകാരന് എന്തെങ്കിലും അപായം സംഭവിക്കുമെന്നതിനെക്കുറിച്ചോ സാദ്ധ്യതയെ കുറിച്ചുള്ളതോ ആയ എന്തെങ്കിലും വിവരം മനഃപൂർവ്വം നൽകാതിരിക്കുകയോ പ്രിസണിൽനിന്നും രക്ഷപ്പെടുവാനുള്ള എന്തെങ്കിലും ഗൂഢാലോചനയെയോ അതിനു വേണ്ടിയുള്ള തയ്യാറെടുപ്പിനെയോ, മറ്റേതെങ്കിലും തടവുകാരനെയോ പ്രിസണിലെ ഏതെങ്കിലും ഉദ്യോഗസ്ഥനെയോ, ആക്രമണത്തിനെയോ ആക്രമിക്കുന്നതിനുള്ള തയ്യാറെടുപ്പിനെക്കുറിച്ചോ അയാളുടെ അറിവിൽപ്പെട്ടിട്ടുള്ള ഏതെങ്കിലും വിവരം നൽകാൻ വിസമ്മതിക്കുകയോ വെളിപ്പെടുത്താതിരിക്കുകയോ ചെയ്യുക.

- പ്രിസണിൽനിന്നും രക്ഷപ്പെടാൻ ശ്രമിക്കുകയോ മറ്റേതെങ്കിലും തടവുകാരനുമായിച്ചേർന്ന് രക്ഷപ്പെടാൻ ഗൂഢാലോചന നടത്തുകയോ, മറ്റേതെങ്കിലും തടവുകാരനെ രക്ഷപ്പെടാൻ സഹായിക്കുകയോ, മേൽപ്പറഞ്ഞ ഏതെങ്കിലും പ്രവർത്തികൾക്ക് പ്രേരിപ്പിക്കുകയോ ചെയ്യുക.
- ഏതെങ്കിലും ലഹളയിലോ വിപ്ലവത്തിലോ പങ്കെടുക്കുകയോ, മറ്റൊരുതടവുകാരനെയോ തടവുകാരെയോ ലഹളയോ, വിപ്ലവമോ നടത്താൻ പ്രേരിപ്പിക്കുകയോ.
- ഏതെങ്കിലും പ്രിസൺ സ്വത്തുക്കളോ തടവുകാരുടെ വസ്തുക്കളോ സ്വത്തുക്കളോ മോഷ്ടിക്കുകയോ കേടുവരുത്തുകയോ, നശിപ്പിക്കുകയോ, വികൃതമാക്കുകയോ, അപഹരിക്കുകയോ ചെയ്യുക.
- പ്രിസണിനുള്ളിലെ സെല്ലിനുള്ളിലോ, ബാരക്കിലോ ഏതെങ്കിലും സ്ഥലത്തോ അനധികൃതമായി ഭക്ഷണം പാചകം ചെയ്യുക.
- ചൂതുകളി, വാതുവെയ്പ്, മദ്യത്തിന്റെ ഉപഭോഗം തുടങ്ങിയവ പോലുള്ള അനധികൃത പ്രവർത്തികളിൽ പങ്കെടുക്കുകയോ സംഘടിപ്പിക്കുകയോ ചെയ്യുക.
- നിർണ്ണയിക്കാവുന്ന പ്രകാരമുള്ള മറ്റേതെങ്കിലും അനധികൃതമോ നിയമവിരുദ്ധമോ, നിയമാനുസൃതമല്ലാത്തതോ ആയ പ്രവർത്തികൾ ചെയ്യുക.
- പ്രക്ഷോഭണമോ, രാഷ്ട്രീയത്തിന്റെയോ ജാതിയുടെയോ മതത്തിന്റെയോ അടിസ്ഥാനത്തിൽ അല്ലെങ്കിൽ അങ്ങനെയുള്ള മറ്റു നിരോധിത പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.
- ഏതെങ്കിലും പ്രിസൺ കുറ്റം ചെയ്യുന്നതിന് പ്രേരിപ്പിക്കുകയോ, ചെയ്യുന്നതിന് ഗൂഢാലോചന നടത്തുകയോ ചെയ്യുക.

**മേൽ പറഞ്ഞ കുറ്റങ്ങൾക്ക് താഴെപ്പറയുന്ന ശിക്ഷകൾ ജയിൽ നിയമപ്രകാരം ചുമത്തുന്നതായിരിക്കും.**

- താക്കീത്, തൊഴിൽമാറ്റം, 7 ദിവസം വരെയുള്ള കഠിന ജോലി, 30 ദിവസ കാലയളവ് വരെയുള്ള റെമിഷൻ നഷ്ടപ്പെടുത്തുക, റെമിഷൻ സമ്പ്രദായത്തിൽനിന്ന് 6 മാസം വരെ മാറ്റി നിർത്തുക, എല്ലാ ആർജിത റെമിഷനുകളും നഷ്ടപ്പെടുത്തുക, മുഴുവൻ തടവുകാലവും റെമിഷൻ സമ്പ്രദായത്തിൽനിന്ന് മാറ്റി നിർത്തുക, 1 മാസം വരെ വിനോദ ഉപാധികളോ, കൂടിക്കാഴ്ചയോ നിഷേധിക്കുക, 3 മാസം കാലം വരെ ക്യാന്റീൻ സൗകര്യം നിർത്തിവെക്കുക, 6 മാസകാലം വരെ തനിച്ച് പാർപ്പിക്കുക, 3 മാസക്കാലം വരെ വേർതിരിച്ചുള്ള തടവും, 14 ദിവസം വരെ ജുഡീഷ്യൽ അനുമതിയോടെയുള്ള സെല്ലുലാർ തടവും വിധിക്കുക.
- തടവ് ചാട്ടം, ലഹള, ജീവന് അപകടാവസ്ഥ എന്നിവ പോലുള്ള പ്രത്യേക സാഹചര്യങ്ങളിൽ മുന്നറിയിപ്പ് നൽകിയ ശേഷം തടവുകാർക്ക് എതിരെ ആയുധങ്ങൾ പ്രയോഗിക്കാവുന്നതാണ്.
- ജയിൽ നിരോധിത വസ്തുക്കൾ ജയിലിനുള്ളിൽ കൊണ്ട് വരുകയോ നീക്കം ചെയ്യുകയോ അതിനു ശ്രമിക്കുകയോ തടവുകാർക്ക് വിതരണം ചെയ്യുകയോ, വിതരണം ചെയ്യുവാൻ ശ്രമിക്കുകയോ ചെയ്താൽ 12 മാസം വരെയുള്ള തടവ്, 10000 രൂപ പിഴ എന്നീ ശിക്ഷകൾക്ക് അർഹാനയിരിക്കും.
- തടവുകരനോ മറ്റു ആരെങ്കിലുമോ ഒരു ഇലക്ട്രോണിക് ആശയ ഉപകരണമോ / മറ്റു ഉപകരണമോ കൈവശം വയ്ക്കുകയോ കേടു വരുത്തുകയോ നശിപ്പിക്കുകയോ ചെയ്താൽ 2 വർഷം വരെയുള്ള തടവ്,10000 രൂപ പിഴ എന്നീ ശിക്ഷകൾക്ക് അർഹാനയിരിക്കും.
- നിരാഹാര സമരം നടത്തുന്ന തടവുകാർക്ക് ജയിൽ ശിക്ഷക്ക് പുറമേ ഒരു വർഷം വരെ തടവ്ശിക്ഷും ലഭിക്കാവുന്ന തുമാണ്

# തടവുകാരുടെ അവകാശങ്ങൾ

തടവുശിക്ഷ മൂലം വെട്ടിക്കുറച്ചവ ഒഴികെ ഇന്ത്യൻ ഭരണഘടന ഉറപ്പുനൽകുന്ന എല്ലാ മൗലികാവകാശങ്ങൾക്കും തടവുകാർക്കും അവകാശമുണ്ട്. സമഗ്രമല്ലെങ്കിലും തടവുകാരുടെ പ്രധാന അവകാശങ്ങളും കടമകളും ചുവടെ നൽകിയിരിക്കുന്നു.

## മനുഷ്യന്റെ അന്തസ്സിനുള്ള അവകാശം.

- ശരീരത്തിന്റെയും മനസ്സിന്റേയും സമഗ്രതയ്ക്കും അടിസ്ഥാനപരമായ മാനുഷിക അന്തസ്സോടെ പെരുമാറാനുമുള്ള അവകാശം.
- പീഡനത്തിനെതിരായതോ, അല്ലെങ്കിൽ ക്രൂരമായതോ, മനുഷ്യത്വരഹിതമായതോ അപമാനകരമായതോ ആയ പെരുമാറ്റത്തിനോ, അല്ലെങ്കിൽ ശിക്ഷക്കോ, അല്ലെങ്കിൽ ഏതെങ്കിലുംതരത്തിലുള്ള ദുരുപയോഗത്തിനോ അടിച്ചമർത്തലിനോ എതിരായുള്ള അവകാശം.
- നിയമം സ്ഥാപിച്ച ന്യായമായ നിയന്ത്രണങ്ങൾക്ക് വിധേയമായി മൗലികാവകാശങ്ങൾ ആസ്വദിക്കാനുള്ള അവകാശം.
- ചങ്ങലകളും വിലങ്ങുകളും പോലുള്ള നിയന്ത്രണങ്ങൾ ഉപയോഗിക്കുന്നതിനെതിരെയുള്ള അവകാശം.
- പ്രവേശന സമയത്ത് വൈദ്യശാസ്ത്രപരമായി പരിശോധിക്കപ്പെടാനുള്ള അവകാശം.
- യുക്തിരഹിതമായ വിവേചനത്തിനെതിരായ സംരക്ഷണത്തിനുള്ള അവകാശം.
- വ്യക്തിത്വത്തിന്റെ സമ്പൂർണ്ണ വികാസം ലക്ഷ്യമിട്ടുള്ള സാംസ്കാരിക– വിദ്യാഭ്യാസപ്രവർത്തനങ്ങളിൽ പങ്കെടുക്കാനുള്ള അവകാശം.

## അടിസ്ഥാന മിനിമം ആവശ്യങ്ങളിലേക്കുള്ള അവകാശം.

- നിയമപ്രകാരം അനുവദനീയമായ തടവുകാരുടെ സൗകര്യങ്ങളെയും ആനുകൂല്യങ്ങളേയും പറ്റി അറിയാനുള്ള അവകാശം
- മതിയായ ഭക്ഷണക്രമം, ആരോഗ്യ പരിരക്ഷ, ആവശ്യത്തിന് ശുദ്ധമായ കുടിവെള്ളം എന്നിവ ലഭ്യമാക്കാനുള്ള അവകാശം
- പാർപ്പിട സൗകര്യം, പരിസര ശുചിത്വം, വ്യക്തിഗത ശുചിത്വം എന്നിവയുടെ കാര്യത്തിൽ ശുദ്ധവും വൃത്തിയുമുള്ള അവസ്ഥകൾക്കുള്ള അവകാശം
- ആവശ്യത്തിന് തികയുന്ന വസ്ത്രങ്ങൾ, കിടക്കകൾ, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവ ലഭിക്കാനുള്ള അവകാശം.
- പരാതികൾ പ്രകടിപ്പിക്കാനുള്ള അവകാശം.
- നിലവിലുള്ള ചട്ടങ്ങൾ അനുസരിച്ച് ജയിലിൽ ചെയ്യുന്ന ജോലികൾക്ക് തുല്യമായ വേതനം നിശ്ചിത നിരക്കിൽ ലഭിക്കാനുള്ള ഒരോ കുറ്റവാളിയുടേയും അവകാശം.
- ജയിലുകളുടെ സുരക്ഷയോ തടവിലുള്ള വ്യക്തികളുടെ സുരക്ഷിതത്വമോ സംബന്ധിച്ച് അത്തരം ന്യായമായ പരിമിതികൾക്ക് വിധേയമായി ഒരാളുടെ മതവിശ്വാസം പിന്തുടരാനുള്ള അവകാശം.
- പരോളിനും ഫർലോയ്ക്കും പരിഗണിക്കപ്പെടാനുള്ള കുറ്റവാളിയുടെ അവകാശം.

## ആശയ വിനിമയത്തിനുള്ള അവകാശം

- പുറം ലോകവുമായി ആശയവിനിമയം നടത്താനുള്ള അവകാശം: കുടുംബം, സുഹൃത്തുകൾ, അഭിഭാഷകർ എന്നിവരുമായുള്ള ആനുകാലിക അഭിമുഖത്തിനുള്ള അവകാശം.
- ജയിലിൽ അടയ്ക്കപ്പെട്ടതിനെക്കുറിച്ചോ മറ്റൊരു ജയിലിലേയ്ക്ക് മാറ്റുന്നതിനെക്കുറിച്ചോ ഗുരുതരമായ രോഗത്തെക്കുറിച്ചോ പരിക്കിനെക്കുറിച്ചോ കുടുംബത്തെയോ സുഹൃത്തിനെയോ അഭിഭാഷകനെയോ അറിയിക്കുന്നതിനുള്ള അവകാശം.
- വിദേശ പൗരൻമാർക്ക് എംബസി/ കോൺസുലേറ്റ്/ നയതന്ത്ര മിഷനുകളുമായി (തടങ്കലിൽവയ്ക്കുക, നിയമ സഹായം നൽകുക, സ്വദേശത്തേയ്ക്ക് മടക്കി കൊണ്ടുപോകുക) എന്നിവ സംബന്ധിച്ച് ആശയവിനിമയം നടത്താനുള്ള അവകാശം.
- ജയിൽ ലൈബ്രറികളിലൂടെ പുറം ലോകത്തെക്കുറിച്ചുള്ള വിവരങ്ങൾ സ്വീകരിക്കാനും, മാസികകൾ, പത്രങ്ങൾ, പുസ്തകങ്ങൾ, ജേണലുകൾ എന്നിവ ലഭിക്കുന്നതിനുള്ള അവകാശം.

## ജയിലിലെ വനിതാ തടവുകാരുടേയും കുട്ടികളുടേയും അവകാശങ്ങൾ

- പുരുഷ തടവുകാരിൽ നിന്ന് പൂർണ്ണമായും വേർതിരിച്ച് സംരക്ഷിക്കപ്പെടാനുള്ള അവകാശം.
- ആറ് വയസ്സ് തികയുന്നതുവരെ സ്വന്തം മക്കളെ ജയിലിൽ ഒപ്പം താമസിപ്പിക്കാനുള്ള വനിതാ തടവുകാരുടെ അവകാശം.
- വനിതാ ജീവനക്കാരാൽ മാത്രം മേൽ നോട്ടം വഹിക്കാനും ദേഹപരിശോധന നടത്താനുമുള്ള അവകാശം.
- ജില്ലാ സർക്കാർ ആശുപത്രികളിൽ ആനുകാലിക ഗൈനക്ക് പരിശോധനയ്ക്കുള്ള ഗർഭിണികളായ സ്ത്രീ തടവുകാരികളുടെ അവകാശം.
- ജയിലിനുള്ളിലെ പ്രസവത്തിനും പ്രസവ പൂർവ്വവും പ്രസവാനന്തരവുമുള്ള പരിചരണത്തിനും അടിസ്ഥാന മിനിമം സൗകര്യങ്ങൾ ഉറപ്പുവരുത്തപ്പെടാനുള്ള അവകാശം.
- കുട്ടി ജയിലിൽ ജനിച്ചുവെന്ന് ജനന സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്താതിരിക്കാനുള്ള അവകാശം.
- ഭക്ഷണം, പാർപ്പിടം, വൈദ്യപരിചരണം, വസ്ത്രം, വിദ്യാഭ്യാസം, വിനോദ സൗകര്യങ്ങൾ എന്നിവയ്ക്കുള്ള കുട്ടികളുടെ അവകാശം.
- സമയബന്ധിതമായി വാക്സിനേഷൻ സ്വീകരിക്കുന്നതിനും ലേഡി മെഡിക്കൽ ഓഫീസർ സ്ഥിരമായി പരിശോധിക്കുന്നതിനും കുട്ടികൾക്കുള്ള അവകാശം.
- കുട്ടികൾക്ക് വേണ്ടി ജയിലിൽ ഒരു ക്രഷും നഴ്സറിയും സ്ഥാപിക്കാനുള്ള അവകാശം.



സമാധാനം ഒരു പുഞ്ചിരിയിൽ തുടങ്ങുന്നു
–മദർ തെരേസ



## തടവുകാരുടെ ചുമതലകൾ

- ജയിൽ ചട്ടങ്ങൾ പാലിക്കുകയും നിയമങ്ങൾ അനുസരിക്കുകയും നിർണ്ണയിക്കപ്പെട്ടിട്ടുള്ള അധികൃതർ നൽകുന്ന എല്ലാ നിയമ പരമായ നിർദ്ദേശങ്ങളും അനുസരിക്കുകയും ചെയ്യുക.
- അച്ചടക്കവും നല്ല ക്രമവും പാലിക്കുന്നതിനായി ജയിൽ ഉദ്യോഗസ്ഥരുടെ ഔദ്യോഗിക ചുമതലകൾ നിർവഹിക്കുന്നതിന് അവരെ സഹായിക്കുക.
- ജയിലിനുള്ളിൽ അച്ചടക്കമുള്ള ജീവിതം നയിക്കുകയും ശുചിത്വത്തിന്റേയും വൃത്തിയുടെയും മാനദണ്ഡങ്ങൾ പാലിക്കുകയും ചെയ്യുക.
- ജയിലിനുള്ളിലെ ഏതെങ്കിലും അസുഖകരമായ അല്ലെങ്കിൽ അനാവശ്യ സംഭവമോ പ്രവർത്തനമോ ജയിൽ അധികൃതർക്ക് റിപ്പോർട്ട് ചെയ്യുക.
- പരാതി പരിഹാര സംവിധാനങ്ങൾ ഉപയോഗിക്കുകയും അതിനായി മറ്റുള്ളവരെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക, എന്നാൽ തെറ്റായ പരാതികൾ നൽകുന്നതിൽ നിന്നും അല്ലെങ്കിൽ ജയിലിനുള്ളിൽ എന്തെങ്കിലും പ്രക്ഷോഭം/തടസ്സങ്ങൾ സൃഷ്ടിക്കുന്നതിൽ നിന്നും വിട്ടുനിൽക്കുക.
- പരോൾ അല്ലെങ്കിൽ ഫർലോ പൂർത്തിയാക്കിയ ഉടൻ ജയിലിലേയ്ക്ക് മടങ്ങുക.
- ജയിൽ നിരോധിതമായി ഒരു വസ്തുവും ജയിലിനുള്ളിൽ കൊണ്ടുവരാതിരിക്കുക.
- ജയിൽ പൂട്ടുകൾ, വാതിലുകൾ, ജനാലകൾ അല്ലെങ്കിൽ ഏതെങ്കിലും ജയിൽ ഉപകരണങ്ങൾ ലക്ഷ്യമായോ അല്ലെങ്കിൽ മന:പൂർവ്വമായോ തകർക്കാതിരിക്കുക, സർക്കാർ സ്വത്ത് ശ്രദ്ധയോടെ കൈകാര്യം ചെയ്യുക.
- ജയിലിലെ അനുയോജ്യമായ തിരുത്തലിനുള്ള അന്തരീക്ഷം സംരക്ഷിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.
- നിശ്ചയിച്ചിട്ടുള്ള പ്രകാരം കുറ്റവാളികൾ ജയിൽ തൊഴിൽ, ചുമതലകൾ കൃത്യമായി നിർവഹിക്കുക.
- ഓരോ അന്തേവാസിയുടെയും ജയിൽ ഉദ്യോഗസ്ഥരുടെയും മറ്റുള്ളവരുടെയും അന്തസ്സും ജീവിക്കാനുള്ള അവകാശവും മാനിക്കുക.
- മറ്റ് വ്യക്തികളുടെ മതവികാരങ്ങളും വിശ്വാസങ്ങളും ആചരണങ്ങളും മുറിപ്പെടുത്തുന്നതിൽ നിന്ന് വിട്ടുനിൽക്കുക.



ഒരാളുടെ മനസ്സ് പവിത്രമാണെങ്കിൽ
അയാളുടെ ചുറ്റുപാടുകളും പവിത്രമായിരിക്കും
–ബുദ്ധ

# പ്രധാന ഫോൺ നമ്പറുകൾ

## ജയിൽ വകുപ്പ്

**ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവീസസ്**
ജയിൽ ആസ്ഥാനകാര്യാലയം
പൂജപ്പുര, തിരുവനന്തപുരം – 695 012
0471 2342744, 9446899501
dg.prisons@kerala.gov.in

**ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവീസസ് (ജയിൽ ആസ്ഥാനകാര്യാലയം)**
പൂജപ്പുര, തിരുവനന്തപുരം – 695 012
0471 2346623, 9446899502
dig.hq.prisons@kerala.gov.in

**ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവീസസ് (ദക്ഷിണമേഖല) & ഡയറക്ടർ സിക്ക**
പൂജപ്പുര, തിരുവനന്തപുരം – 695 012
0471 2345754, 9446899503
dig.sz.prisons@kerala.gov.in

**ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവീസസ് (മദ്ധ്യമേഖല)**
വിയ്യൂർ, തൃശൂർ – 680 010
0487 2337268, 9446899504
dig.cz.prisons@kerala.gov.in

**ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവീസസ് (ഉത്തരമേഖല)**
പുതിയറ പി.ഒ., കോഴിക്കോട് – 673 004
0495 2721400, 9446899505
dig.nz.prisons@kerala.gov.in

## മനുഷ്യാവകാശ കമ്മീഷൻ

**കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ**
ടർബോ പ്ലസ് ടവർ, പി.എം.ജി. ജംഗ്ഷൻ,
വികാസ് ഭവൻ പി.ഒ, തിരുവനന്തപുരം 695 033
0471 2307263 | hrckeralatvm@gmail.com

## വിജിലൻസ്

**വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ**
പി.എം.ജി, വികാസ്ഭവൻ പി.ഒ,
തിരുവനന്തപുരം 695 033
0471 2305393 | vig.vacb@kerala.gov.in

## ലീഗൽ സർവീസ്

**കേരള സംസ്ഥാന ലീഗൽ സർവീസ് അതോറിറ്റി**
നിയമ സഹായഭവൻ, ഹൈക്കോർട്ട് കോമ്പൗണ്ട്
എറണാകുളം, കൊച്ചി 682 031
0484 2396717 | kelsakerala@gmail.com | Help Line : 9846700100

## ലീഗൽ സർവീസസ്

| ക്രമ. നമ്പർ | ഉദ്യോഗ പേര് | ഓഫീസ് നമ്പർ | സി.യു.ജി |
|---|---|---|---|
| 1 | ജില്ലാ ലീഗൽ സർവീസസ് അതോറിറ്റി, തിരുവനന്തപുരം | 0471 2467700 | |
| 2 | ജില്ലാ ലീഗൽ സർവീസസ് അതോറിറ്റി, കൊല്ലം | 04742791399 | |
| 3 | ജില്ലാ ലീഗൽ സർവീസസ് അതോറിറ്റി, പത്തനംതിട്ട | 0468 2220141 | |
| 4 | ജില്ലാ ലീഗൽ സർവീസസ് അതോറിറ്റി, ആലപ്പുഴ | 04772262495 | |
| 5 | ജില്ലാ ലീഗൽ സർവീസസ് അതോറിറ്റി, കോട്ടയം | 04812262495 | |
| 6 | ജില്ലാ ലീഗൽ സർവീസസ് അതോറിറ്റി, ഇടുക്കി | 0486-2220726 | |
| 7 | ജില്ലാ ലീഗൽ സർവീസസ് അതോറിറ്റി, എറണാകുളം | 04842344223, 04842344322 | |
| 8 | ജില്ലാ ലീഗൽ സർവീസസ് അതോറിറ്റി, തൃശൂർ | 04872363770 | |
| 9 | ജില്ലാ ലീഗൽ സർവീസസ് അതോറിറ്റി, മലപ്പുറം | 04833244151 | |
| 10 | ജില്ലാ ലീഗൽ സർവീസസ് അതോറിറ്റി, പാലക്കാട് | 04912505665 | |
| 11 | ജില്ലാ ലീഗൽ സർവീസസ് അതോറിറ്റി, കോഴിക്കോട് | 04952365048, 04952366044 | |
| 12 | ജില്ലാ ലീഗൽ സർവീസസ് അതോറിറ്റി, വയനാട് | 04936207800 | |
| 13 | ജില്ലാ ലീഗൽ സർവീസസ് അതോറിറ്റി, കണ്ണൂർ | 04902326766 | |
| 14 | ജില്ലാ ലീഗൽ സർവീസസ് അതോറിറ്റി, കാസർഗോഡ് | 04994255189 | |

## പ്രൊബേഷൻ ഓഫീസ്

| ക്രമ. നമ്പർ | ഉദ്യോഗ പേര് | ഓഫീസ് നമ്പർ | സി.യു.ജി |
|---|---|---|---|
| 1 | ജില്ലാ പ്രൊബേഷൻ ഓഫീസർ I തിരുവനന്തപുരം | 0471-2342786, | 8281999033 |
| 2 | ജില്ലാ പ്രൊബേഷൻ ഓഫീസർ II തിരുവനന്തപുരം | 0471-2342786, | 8281999359 |
| 3 | ജില്ലാ പ്രൊബേഷൻ ഓഫീസർ, ആറ്റിങ്ങൽ | 0470-2625456, | 8281999034 |
| 4 | ജില്ലാ പ്രൊബേഷൻ ഓഫീസർ, കൊല്ലം | 0474-2794029, | 8281999035 |
| 5 | ജില്ലാ പ്രൊബേഷൻ ഓഫീസർ, പത്തനംതിട്ട | 0468-2325242, | 8281999036 |
| 6 | ജില്ലാ പ്രൊബേഷൻ ഓഫീസർ, ആലപ്പുഴ | 0477-2238450, | 8281999037 |
| 7 | ജില്ലാ പ്രൊബേഷൻ ഓഫീസർ, കോട്ടയം | 0481-2300548, | 8281999038 |
| 8 | ജില്ലാ പ്രൊബേഷൻ ഓഫീസർ, ഇടുക്കി | 0486-2220726, | 8281999039 |
| 9 | ജില്ലാ പ്രൊബേഷൻ ഓഫീസർ, എറണാകുളം | 0484-2394271, | 8281999041 |
| 10 | ജില്ലാ പ്രൊബേഷൻ ഓഫീസർ, മൂവാറ്റുപുഴ | 0485-2830106, | 8281999042 |
| 11 | ജില്ലാ പ്രൊബേഷൻ ഓഫീസർ I തൃശൂർ | 0487-2363999, | 8281999043 |
| 12 | ജില്ലാ പ്രൊബേഷൻ ഓഫീസർ II തൃശൂർ | 0487-2363999, | 8281999360 |
| 13 | ജില്ലാ പ്രൊബേഷൻ ഓഫീസർ, മലപ്പുറം | 0483-2777494, | 8281999044 |
| 14 | ജില്ലാ പ്രൊബേഷൻ ഓഫീസർ, പാലക്കാട് | 0491-2505275, | 8281999045 |
| 15 | ജില്ലാ പ്രൊബേഷൻ ഓഫീസർ I കോഴിക്കോട് | 0495-2373575, | 8281999046 |
| 16 | ജില്ലാ പ്രൊബേഷൻ ഓഫീസർ II കോഴിക്കോട് | 0495-2373575, | 8281999361 |
| 17 | ജില്ലാ പ്രൊബേഷൻ ഓഫീസർ, വയനാട് | 0493-6207157, | 8281999047 |
| 18 | ജില്ലാ പ്രൊബേഷൻ ഓഫീസർ, കണ്ണൂർ | 0497-2344433, | 8281999048 |
| 19 | ജില്ലാ പ്രൊബേഷൻ ഓഫീസർ, കാസർഗോഡ് | 0499-4255366, | 8281999049 |



ജയിലുകൾ തെറ്റ് തിരുത്തൽ കേന്ദ്രങ്ങളാണ്. അന്തേവാസികളിൽ ഭൂരിപക്ഷം പേരും ജയിൽ നിയമങ്ങളെക്കുറിച്ചും അവരുടെ അവകാശങ്ങളെക്കുറിച്ചും കർത്തവ്യങ്ങളെക്കുറിച്ചും പൂർണ്ണ അറിവുള്ളവരല്ല.

ജയിലുകളിലെ മനുഷ്യാവകാശം സംരക്ഷിക്കുന്നതിനും അച്ചടക്കം കാത്തു സൂക്ഷിക്കുന്നതിനും തെറ്റുതിരുത്തൽ പ്രക്രിയ ഫലപ്രദമായി നടപ്പിലാക്കുന്നതിനും സഹായകരമായ തരത്തിൽ അന്തേവസികൾക്ക് അവശ്യം മനസ്സിലാക്കേണ്ട ജയിൽ നിയമങ്ങൾ, അവകാശങ്ങൾ, കർത്തവ്യങ്ങൾ എന്നിവ ഈ കൈപുസ്തകത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

**ജയിൽ നിയമങ്ങളെക്കുറിച്ച് കൂടുതൽ അറിയുന്നതിനായി കേരളാ പ്രിസൺസ് & കറക്ഷണൽ സർവീസസ് ( മാനേജ്മെന്റ് ) ആക്ട് 2010, കേരളാ പ്രിസൺസ് & കറക്ഷണൽ സർവീസസ് (മാനേജ്മെന്റ്) റൂൾ 2014 എന്നിവ പരിശോധിക്കാവുന്നതാണ്. ആയതിന്റെ പകർപ്പ് കേരള ജയിൽ വകുപ്പിന്റെ വെബ്സൈറ്റിൽ ( www.keralaprisons.gov.in) ലഭ്യമാണ്.**

ജയിലുകളിലെ മനുഷ്യാവകാശം സംബന്ധിച്ചോ ഉദ്യോഗസ്ഥരുടെ മോശം പെരുമാറ്റത്തെക്കുറിച്ചോ എന്തെങ്കിലും പരാതിയുള്ളപക്ഷം അന്തേവാസികൾക്ക് കേരള ജയിൽ വകുപ്പ് അധ്യക്ഷനെയോ, വിജിലൻസ്, മനുഷ്യാവകാശ കമ്മിഷനുകൾ, കോടതികൾ എന്നിവരെയോ സമീപിക്കാവുന്നതാണ്.

**കേരള പ്രിസൺസ് & കറക്ഷണൽ സർവിസസ്**

പൂജപ്പുര. പി. ഒ , തിരുവനന്തപുരം–12

ഫോൺ നമ്പർ :– 0471 2342532, 04712344164, 04712344161, 04712344162

ഇ മെയിൽ : keralaprisons@gov.in

www.keralaprisons.gov.in